**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 730** **23-02-2022 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിലെ രജിസ്ട്രാർ ഓഫീസുകളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത രജിസ്ട്രാർ ഓഫീസുകളുടെയും പുതിയ കെട്ടിടം നിർമ്മിക്കുന്ന രജിസ്ട്രാർ ഓഫീസുകളുടെയും വിവരങ്ങൾ നൽകാമോ; | (എ) | ഗുരുവായൂർ മണ്ഡലത്തിന്റെ പരിധിയിൽ ഉള്ള അണ്ടത്തോട്, കോട്ടപ്പടി, ചാവക്കാട് എന്നീ സബ് രജിസ്ട്രാർ ഓഫീസുകളിൽ കോട്ടപ്പടി ഓഫീസിന് സ്വന്തമായി കെട്ടിടമില്ല. ആയതിന് കെട്ടിടം പണിയുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നതിനായി ശ്രമിച്ചുകൊണ്ടിരിക്കുന്നു. ചാവക്കാട് സബ് രജിസ്ട്രാർ ഓഫീസ് സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അണ്ടത്തോട് സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിട നിർമ്മാണ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ച ശേഷം ചുമതലയുള്ള കരാറുകാരൻ ബിൽഡിംഗ് കോൺട്രാക്റ്റിൽ നിന്നും ഒഴിവാക്കുന്നതിന് കൺസ്ട്രക്ഷൻ കോർപ്പറേഷന് അപേക്ഷ സമർപ്പിക്കുകയുണ്ടായി. പുതിയ നിരക്ക് നിലവിൽ വന്നതിനാൽ 1,78,20,000/- രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണം എത്രയും വേഗം പുനരാരംഭിക്കുന്നതിന് കഴിയും വിധം നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന അണ്ടത്തോട് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിടനിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ? | (ബി) | ഗുരുവായൂർ മണ്ഡലത്തിന്റെ പരിധിയിൽ ഉള്ള അണ്ടത്തോട്, കോട്ടപ്പടി, ചാവക്കാട് എന്നീ സബ് രജിസ്ട്രാർ ഓഫീസുകളിൽ കോട്ടപ്പടി ഓഫീസിന് സ്വന്തമായി കെട്ടിടമില്ല. ആയതിന് കെട്ടിടം പണിയുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നതിനായി ശ്രമിച്ചുകൊണ്ടിരിക്കുന്നു. ചാവക്കാട് സബ് രജിസ്ട്രാർ ഓഫീസ് സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അണ്ടത്തോട് സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിട നിർമ്മാണ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ച ശേഷം ചുമതലയുള്ള കരാറുകാരൻ ബിൽഡിംഗ് കോൺട്രാക്റ്റിൽ നിന്നും ഒഴിവാക്കുന്നതിന് കൺസ്ട്രക്ഷൻ കോർപ്പറേഷന് അപേക്ഷ |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുകയുണ്ടായി. പുതിയ നിരക്ക് നിലവിൽ വന്നതിനാൽ 1,78,20,000/- രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണം എത്രയും വേഗം പുനരാരംഭിക്കുന്നതിന് കഴിയും വിധം നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ